ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതികൾ

21 (3727) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് കുടിവെള്ള പദ്ധതികളുടെ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കിളിമാനൂർ ബ്ലോക്ക് പരിധിയിൽ കുടിവെള്ള പദ്ധതികളുടെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്ന പട്ടികജാതി കോളനികൾ ചുവടെ ചേർക്കുന്നു.

1) പഞ്ചവിള അംബേദ്കർ കോളനി

2) കെ. കെ. ജംഗ്ഷൻ കോളനി

3) മുളകന്തലത്ത് തോപ്പിൽ എസ്.സി. കോളനി

4) ചൂട്ടയിൽ കോളനി

5) കിളിക്കോട്കോണം കോളനി

6) പറണ്ടക്കുടി കോളനി

7) ചെമ്പാറക്കോണം - ഇടക്കുന്നിൽ കോളനി

8) മുണ്ടാക്കുഴി കോളനി

9) പുലിപ്പാറ കോളനി

10) ചെക്കട്ടമൂല കോളനി

11) നെല്ലിക്കാട് കോളനി

12) വരിന്തപ്പള്ളികോണം - കല്ലാക്കോണം കോളനി

13) കേളന്റെമൂല-ചാവർകോട് കോളനി

14) കണ്ണയംകോട് കോളനി

15) പേരയിൽ കോളനി

LIBRARY ARCHIVES Kerala Legislative Assembly

16) മടത്തിൽപച്ച കോളനി

17) വയൽചേരി കോളനി

18) നെടുമ്പാറ കോളനി

(ബി) കുടിവെള്ള പൈപ്പ് ലൈനുകൾ എത്താത്ത പട്ടികജാതി കോളനികൾ ഏതെല്ലാമാണ്; ഇതിൽ ഏതെല്ലാം കോളനികളിലാണ് ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പുവർഷം കുടിവെള്ളം എത്തിക്കാൻ കഴിയുക; ഇതുസംബന്ധിച്ച് ജലവിഭവ വകുപ്പുമായി ചേർന്ന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കിളിമാനൂർ ബ്ലോക്ക് പരിധിയിലെ നെടുംപച്ചകോളനി, ചേറാട്ടുകുഴി കോളനി, ഇടക്കരിക്കകം കോളനി, പാറകുന്ന് കോളനി, കരിംപാലോട് കോളനി, ശാസ്താം കോളനി, മീൻകോണം കോളനി, പേരാപ്പ് കോളനി, മുള്ളൻചാണി കോളനി, കാവുവിള കോളനി, കാലകോണം കോളനി, വല്ലുത്തുകോണം കോളനി എന്നീ കോളനികളിൽ പൂർണ്ണമായും കുടിവെള്ള പൈപ്പ് ലൈൻ കണക്ഷൻ എത്തിയിട്ടില്ല. മണനൂർ പഞ്ചായത്തിലെ ശങ്കരൻമുക്ക് കോളനി, പയൂർക്കോണം കോളനി, ഭാസ്കർ കോളനി, ആലുവിള കോളനി എന്നിവിടങ്ങളിൽ ജലജീവൻ മിഷൻ പ്രകാരം കുടിവെള്ള കണക്ഷൻ നൽകുവാൻ സാധിക്കും. ഇതുസംബന്ധിച്ച് ജലവിഭവ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി

22 (3728) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

തെരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2017-18 സാമ്പത്തിക വർഷം മുതൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഓരോ കോളനിയിലും പരമാവധി ഒരു കോടി രൂപ വരെയുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്. അടിയന്തരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമ

LIBRARY ARCHIVES Kerala Legislative Assembly